# പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1761 31.01.2018 ൽ മറുപടിയ്ക്ക്

## മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ ഗ്രഡേഷൻ ലിസ്റ്റ്

ചോദ്യം

ശ്രീ. മോൻസ് ജോസഫ്

ഉത്തരം

ഡോ. കെ.റ്റി. ജലീൽ

ബഹു. തദ്ദേശ സ്വയംഭരണവും

ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ്

തീർത്ഥാടനവും വകുപ്പ് മന്ത്രി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | മുൻസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ ഗ്രഡേഷൻ ലിസ്റ്റ് പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച് ഉണ്ടായിരിക്കുന്ന ആക്ഷേപങ്ങൾ പരിഹരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | മുനിസിപ്പൽ കോമൺ സർവ്വീസിൽ ഡെപ്യൂട്ടി സെക്രട്ടറി, പി എ റ്റു സെക്രട്ടറി/ റവന്യൂ ഓഫീസർ/കൗൺസിൽ സെക്രട്ടറി/ അക്കൗണ്ട്സ് ഓഫീസർ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ അന്തിമ ഗ്രഡേഷൻ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. സൂപ്രണ്ട്, ഹെഡ് ക്ലാർക്ക് /റവന്യൂ ഇൻസ്പെക്ടർ, സീനിയർ ക്ലാർക്ക്, എൽ.ഡി. ക്ലാർക്ക് /ബിൽ കളക്ടർ തസ്തികകളിലെ അന്തിമ ഗ്രഡേഷൻ ലിസ്റ്റ് തയ്യാറാക്കുന്നതിലേക്കായി ലഭിച്ച ആക്ഷേപങ്ങൾ പരിശോധിച്ച് വരുന്നു. ആക്ഷേപങ്ങൾ പരിശോധിച്ച് അന്തിമ ഗ്രഡേഷൻ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. |
| (ബി) | ഇപ്പോൾ പുറത്തിറക്കിയിരിക്കുന്ന ലിസ്റ്റിൽ നിന്നാണോ പുതിയ പ്രമോഷൻ നടത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ? | (ബി) | നിലവിലുള്ള താൽക്കാലിക ഗ്രഡേഷൻ ലിസ്റ്റിൽ നിന്നുമാണ് പുതിയ ഉദ്യോഗക്കയറ്റങ്ങൾ നടത്തി വരുന്നത്. |
| (സി) | മുൻസിപ്പൽ കോമൺ സർവ്വീസ് റെഗുലർ വിഭാഗം ജീവനക്കാരുടെ പി.എഫ്. ക്രഡിറ്റ് കാർഡ് പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (സി) | ഇല്ല.<br>കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ റഗുലർ വിഭാഗം ജീവനക്കാരുടെ വി.എഫ് വിവരങ്ങൾ പൂർണ്ണമായും, ഇതുമായി ബന്ധപ്പെട്ട സ്ഥാപന സോഫ്റ്റ് വെയറിലൂടെയാണ് നടപ്പാക്കുന്നത്. അതത് നഗരസഭകളാണ് ജീവനക്കാരുടെ പി എഫ് ക്രെഡിറ്റ് സംബന്ധിച്ച വിവരങ്ങൾ സോഫ്റ്റ് വെയറിൽ |

| | | | |
|---|---|---|---|
| | | | എൻട്രി വരുത്തി അംഗീകാരത്തിനായി നഗരകാര്യ ഡയറക്ടർക്ക് അയയ്ക്കേണ്ടത്. എല്ലാ നഗരസഭകളിൽ നിന്നും ഡാറ്റാ എൻട്രി വരുത്തി ഡയറക്ടർക്ക് യഥാസമയം നൽകിയിട്ടില്ല. ഇക്കാരണത്താലാണ് എല്ലാവർക്കും ക്രെഡിറ്റ് കാർഡ് നൽകാൻ സാധിക്കാത്തത്. |
| (ഡി) | ഏതെല്ലാം മുൻസിപ്പാലിറ്റി / കോർപ്പറേഷനുകളിൽ പി.എഫ്. ക്രഡിറ്റ് കാർഡ് വിതരണം പൂർത്തിയായി എന്നറിയിക്കാമോ; ബാക്കിയുള്ള നഗരസഭകളിൽ എത്ര ജീവനക്കാരുടെ പി.എഫ്. ക്രഡിറ്റ് കാർഡ് വിതരണം പൂർത്തിയാകാനുണ്ട്; ഇവ എന്നേക്ക് പൂർത്തിയാകും എന്നറിയിക്കാമോ? | (ഡി) | നഗരസഭ/കോർപ്പറേഷൻ അടിസ്ഥാന ത്തിലല്ല ക്രഡിറ്റ് കാർഡ് അംഗീകരിക്കുന്നത്. എല്ലാ ജീവനക്കാരുടെയും പി.എഫ്. ക്രഡിറ്റ് കാർഡ് വിതരണം പൂർത്തിയാക്കിയ മുൻസിപ്പാലിറ്റി/ കോർപ്പറേഷനുകൾ ഒന്നും തന്നെയില്ല. പി.എഫ്. അക്കൗണ്ട് തുടരുന്ന റഗുലർ വിഭാഗത്തിലുള്ള 6089 ജീവനക്കാരിൽ 3184 പേരുടെ ക്രെഡിറ്റ് കാർഡ് അംഗീകരിച്ചിട്ടുണ്ട്. കണ്ടിജന്റ് വിഭാഗത്തിലുള്ള എല്ലാവരുടേയും ക്രെഡിറ്റ് കാർഡ് അംഗീകരിച്ചിട്ടുണ്ട്. പി.എഫ്. കാർഡ് വിതരണവുമായി ബന്ധപ്പെട്ട സ്ഥാപന സോഫ്റ്റ് വെയറിൽ സേവന കാലയളവ് പ്രകാരം പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന മുറയ്ക്ക് ജീവനക്കാരുടെ ക്രഡിറ്റ്കാർഡ് അംഗീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ